# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1076 **03.12.2015** -ലെ മറുപടിയ്ക്ക്

**എം.ജി.യൂണിവേഴ്സിറ്റിയുടെ ഓഫ് കാമ്പസ് സെന്ററുകൾ**

ചോദ്യം

ശ്രീ. കെ.അജിത്

ഉത്തരം

ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | എം. ജി. യൂണിവേഴ്സിറ്റിയുടെ ഓഫ് കാമ്പസ് സെന്ററുകൾ പൂട്ടിയതുമൂലം വിദ്യാർത്ഥികൾക്കുണ്ടായ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത സെന്ററുകളിലൂടെ യൂണിവേഴ്സിറ്റിക്ക് എത്ര തുക പ്രതിവർഷം ഫീസിനത്തിലും മറ്റുമായി ലഭിക്കുമായിരുന്നു എന്ന് വെളിപ്പെടുത്തുമോ ; | (ബി) | ഫീസിനത്തിലും മറ്റുമായി യൂണിവേഴ്സിറ്റിക്ക് പ്രസ്തുത സെന്ററുകളിലൂടെ 9,23,51,385 രൂപ (ഒൻപതു കോടി ഇരുപത്തിമൂന്ന് ലക്ഷത്തി അൻപത്തിയൊന്നായിരത്തി മുന്നൂറ്റി എൺപത്തഞ്ച് രൂപ മാത്രം) 2014-15 സാമ്പത്തിക വർഷത്തിൽ ലഭിച്ചിരുന്നു. |
| (സി) | മറ്റേതെങ്കിലും യൂണിവേഴ്സിറ്റിയുടെ ഓഫ് കാമ്പസ് സെന്ററുകൾ പൂട്ടിയിട്ടുണ്ടോ ; വ്യക്തമാക്കുമോ; | (സി) | ഉണ്ട്. കാലിക്കറ്റ് /കേരള സർവ്വകലാശാലകളുടെ ഓഫ് കാമ്പസ്/ലേണർ സപ്പോർട്ട് സെന്ററുകൾ പൂട്ടിയിട്ടുണ്ട്. |
| (ഡി) | എം. ജി. യൂണിവേഴ്സിറ്റിയുടെ പ്രസ്തുത സെന്ററുകൾ തുടരേണ്ടതില്ല എന്ന് തീരുമാനിച്ചതിന്റെ കാരണങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ? | (ഡി) | യു.ജി.സി. മാനദണ്ഡങ്ങൾ പാലിക്കാതെയും സർക്കാർ അനുമതി വാങ്ങാതെയും ആരംഭിച്ച പ്രസ്തുത സെന്ററുകൾ യു.ജി.സി. യുടെയും ഗവൺമെന്റിന്റെയും ബഹു. ചാൻസലറുടെയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് തുടരേണ്ടതില്ല എന്ന് തീരുമാനിച്ചത്. |

സെക്ഷൻ ഓഫീസർ